"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: E3-2315/14.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 13-01-2015.

# പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - വർക്കിംഗ് അറേഞ്ച്മെന്റ് - കർശന നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് സാംബന്ധിച്ച്-

സൂചന:

വകുപ്പ് അദ്ധ്യക്ഷന്റെ മുൻകൂർ അനുവാദമില്ലാതെ വിവിധ തസ്തികകളിലെ ജീവനക്കാരെ ജില്ലാതല ഓഫീസർമാർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. നിയമനാധികാരിയുടെ മുൻകൂർ അനുവാദമില്ലാതെ നടത്തുന്ന ജില്ലാതല ഓഫീസർമാരുടെ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പ്രസ്തുത ഓഫീസർമാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഗുരുതരമായ വീഴ്ചയായി വീക്ഷിക്കുന്നു.

എറണാകുളം / കൊല്ലം എന്നീ ജില്ലകളിലെ സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാർ ഒഴികെ, മറ്റ് ജില്ലകളിലെ സൂപ്പർവൈസർ തസ്തികയിലെയോ, മുഴുവൻ ജില്ലികളിലേയും ഇതര തസ്തികളിലേയോ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടെങ്കിൽ ടി ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ ടിയാളുകളുടെ ലാവണങ്ങളിലേക്ക് തിരികെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിന്റെ അന്തിമ ഘട്ടമായതിനാൽ 31.03.15 വരെ അതാത് ജില്ലകളിലെ ജില്ലാ ഓഫീസർമാരുടെ പരിധിയിൽ വരുന്ന വകുപ്പിലെ ജീവനക്കാർക്ക് വകുപ്പ് അദ്ധ്യക്ഷന്റെ മുൻകൂർ അനുവാദമില്ലാതെ പ്രത്യേകിച്ചും ശിശുവികസന പദ്ധതി ഓഫീസർമാർ / സൂപ്പർവൈസർമാർ എന്നിവർക്കു അവധി അനുവദിക്കാൻ പാടില്ലാത്തതാണ്. ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവരുടെ അവധി അപേക്ഷകൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ വകുപ്പദ്ധ്യക്ഷന് 31.03.2015 വരെ ശുപാർശ

ചെയ്യേണ്ടതില്ല. അതോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള അവധികൾക്കുള്ള അപേക്ഷകൾക്ക്, മെഡിക്കൽ ബോർഡിന്റെ സൂക്ഷ്മ പരിശോധന ആവശ്യമാണെന്ന് കാണുന്ന പക്ഷം പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റുകൾ മെഡിക്കൽ ബോർഡിന്റെ പരിഗണനയ്ക്ക് നൽകുന്നതുമാണ്. ഘട്ടം ഘട്ടമായുള്ള അവധി അപേക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതും പരിഗണിക്കുന്നതും ഗുരുതര കൃത്യവിലോപമായി വീക്ഷിക്കുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിപ്പെട്ടാൽ പ്രസ്തുത കാര്യാലയ മേധാവികൾക്കെതിരെ അച്ചടക്ക ലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. മറ്റ് കീഴ്കാര്യാലയ മേധാവികൾക്കും.

**db@15**